ഹരിജൻ വികസന കോർപ്പറേഷൻ നൽകുന്ന ധനസഹായം

*540 [574] ശ്രീ. എം. കെ. കേശവൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമ-സാമൂഹ്യവികസനവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിജൻ വികസന കോർപ്പറേഷനിൽനിന്നും ധനസഹായം ആവശ്യപ്പെടുന്ന ഹരിജനങ്ങൾ വർഷങ്ങളോളം കാത്തിരുന്നിട്ടും യാതൊരു തീരുമാനവും എടുത്തതായി അറിയുന്നില്ലെന്നുള്ള പരാതി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ അനാവശ്യ കാലതാമസം ഉണ്ടാകുന്നതിനെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ;

(സി) അനാവശ്യമായ ഈ കാലതാമസം ഒഴിവാക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഹരിജനക്ഷേമവും സാമൂഹ്യ വികസനവും വകുപ്പു മന്ത്രി (ശ്രീ. ദാമോദരൻ കാളാശ്ശേരി):

(എ) വർഷങ്ങളോളം കാത്തിരുന്നു എന്ന പരാതി ഉണ്ടായിട്ടില്ല. തീരുമാനം എടുക്കുന്നതിൽ പറയത്തക്ക താമസം ഉണ്ടാകാറില്ല.

(ബി) ഒറ്റപ്പെട്ട ചില സംഭവങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുള്ളപ്പോൾ തീരുമാനം ത്വരിതപ്പെടുത്തുവാൻ കോർപ്പറേഷന് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(സി) കാലതാമസം ഉണ്ടാകാതിരിക്കാൻ കഴിയുന്നത്ര കാര്യങ്ങൾ മേഖലാ ഓഫീസുകളിൽതന്നെ കൈകാര്യം ചെയ്യുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

ഹോട്ടലുകൾക്ക് ബാർ ലൈസൻസ്

*541 [575] ശ്രീ. എൻ. ഭാസ്കരൻ നായർ; താഴെകാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ആവശ്യപ്പെടുന്ന ഹോട്ടലുകൾക്കെല്ലാം വിദേശമദ്യ വിൽപ്പനയ്ക്കു ലൈസൻസ് കൊടുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

ഇല്ല.

ഓട്ടോറിക്ഷകളും ടാക്സികളും ഈടാക്കുന്ന അമിതമായ കൂലി

*542 [576] ശ്രീ. പി. ബാലൻ ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓട്ടോറിക്ഷകളും ടാക്സികളും യാത്രക്കാരിൽനിന്നും ക്രമാതീതമായ കൂലി ഈടാക്കുന്നത് തടയുന്ന കാര്യത്തിൽ ഫലപ്രദമായി ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ലെന്ന് ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ക്രമാതീതമായ കൂലി ഈടാക്കുന്നതുതടയാൻ കർശന നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly